പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4628 — 25.06.2019-ൽ മറുപടിയ്ക്ക്

## ചെറുകിട മത്സ്യവിതരണ തൊഴിലാളികളുടെ ക്ഷേമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ചെറുകിട മത്സ്യവിതരണ തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻസർക്കാർ നടപ്പിലാക്കിയ തണൽ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2018-19 വർഷത്തെ തണൽ പദ്ധതി നടപ്പിലാക്കുന്നതിന് 14,04,83,000/- രൂപ അനുവദിച്ചിരുന്നു. തണൽ പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 1350/- രൂപയാണ് ധനസഹായമായി അനുവദിച്ച് വരുന്നത്. 164608 പേർക്ക് ആദ്യഗഡുവായി 600/- രൂപ നിരക്കിൽ 9,87,64,800/- രൂപ ക്ഷേമനിധി ബോർഡ് മുഖേന വിതരണം നടത്തിയിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 14.525 കോടി രൂപ 31.3.2018-ൽ പിൻവലിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ; പ്രസ്തുത തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) & (സി) | 2017-18 വർഷത്തേക്ക് തണൽ പദ്ധതി നടപ്പിലാക്കുന്നതിന് (സാമ്പത്തിക താങ്ങൽ പദ്ധതി) തൊഴിൽ വകുപ്പിൽ നിന്നും 14.525 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്പെഷ്യൽ ടി. എസ്.ബി. അക്കൗണ്ടിൽ നിന്നും തണൽ പദ്ധതിക്ക് അനുവദിച്ച 14.525 കോടി രൂപ 29.03.2018, 31.03.2018 എന്നീ തീയതികളിൽ പിൻവലിച്ചിരുന്നു. ആയത് തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ടി തുക ക്ഷേമനിധി ബോർഡിന് തിരികെ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ